# പിരിച്ചുവിട്ട സെയിൽസ് പ്രൊമോഷൻ തൊഴിലാളിയെ തിരിച്ചെടുക്കണമെന്ന് നിർദ്ദേശിക്കാൻ ലേബർ കോടതിക്ക് അധികാരമില്ല

**മദ്ധ്യപ്രദേശ് ഹൈക്കോടതി**

M.P. No. 2653/2018 Dt. 27.6.2019

യൂനിക്കെം ലബോറട്ടറീസ് ലിമിറ്റഡ്
x
സഞ്ജയ് ഗോയൽ

ബിസിനസ് മേനേജർ എന്ന തസ്തികയിലാണ് ജീവനക്കാരൻ സ്ഥാപനത്തിൽ 2013-ൽ നിയമിതനായത്. തസ്തികയുടെ പേര് മേനേജർ എന്നാണെങ്കിലും സെയിൽസ് റപ്രസെന്ററ്റീവിന്റെ ജോലിയാണ് അയാൾ ചെയ്തിരുന്നത്. കമ്പനി നിർമ്മിക്കുന്ന മരുന്നുകളുടെ സ്വഭാവം, ഗുണം, പ്രയോജനം, മുതലായ കാര്യങ്ങൾ ഡോക്ടർമാരെ ധരിപ്പിച്ച് മരുന്നുകളുടെ വിപണനം പ്രോത്സാഹിപ്പിക്കുക എന്ന ചുമതലയാണ് അയാൾ നിറവേറ്റിയിരുന്നത്. അപ്രകാരം ജോലി ചെയ്തുവരവെ ഒരു വർഷം കഴിഞ്ഞപ്പോൾ നിർദ്ദിഷ്ട ലക്ഷ്യം കൈവരിച്ചില്ല എന്ന കാരണത്താൽ മേനേജ്മെന്റ് അയാളെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. റിട്രഞ്ച്മെന്റ് വ്യവസ്ഥകൾ പാലിക്കാതെ, യാതൊരു മുന്നറിയിപ്പുമില്ലാതെയാണ് മേനേജ്മെന്റ് അപ്രകാരം ചെയ്തത്. ഇതു സംബന്ധിച്ച് ജീവനക്കാരൻ ഉന്നയിച്ച വ്യവസായ തർക്കം സംസ്ഥാന സർക്കാർ ലേബർ കോടതിയിലേക്ക് റഫർ ചെയ്തു. മേൽനോട്ട ചുമതല നിർവ്വഹിച്ച ബിസിനസ് മേനേജർ തൊഴിലാളിയല്ലെന്നും അയാളുടെ പരാതി വിചാരണ ചെയ്ത് തീർപ്പാക്കാൻ ലേബർ കോടതിക്ക് അധികാരമില്ലെന്നും മേനേജ്മെന്റ് വാദിച്ചു. തസ്തികയുടെ പേര് മേനേജർ എന്നാണെങ്കിലും അയാൾ ചെയ്തിരുന്നത് സെയിൽസ് പ്രൊമോഷൻ തൊഴിലാളിയുടെ ജോലികളാണെന്ന് ലേബർ കോടതി പ്രഖ്യാപിച്ചു. റിട്രഞ്ച്മെന്റ് വ്യവസ്ഥകൾ പാലിക്കാതെ അയാളെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടത് തെറ്റാണെന്ന് വിധിച്ച ലേബർ കോടതി അയാളെ മുൻകാല വേതനം കൂടാതെ തിരിച്ചെടുക്കണമെന്ന് ഉത്തരവിട്ടു. ഇതിനെതിരെ മേനേജ്മെന്റും ജീവനക്കാരനും വെവ്വേറെ റിട്ട് ഹർജികൾ ഹൈക്കോടതിയിൽ സമർപ്പിച്ചു. ജീവനക്കാരനെ തിരിച്ചെടുക്കണമെന്ന് ഉത്തരവിടാൻ ലേബർ കോടതിക്ക് അധികാരമില്ലെന്ന് മേനേജ്മെന്റ് വാദിച്ചു. മുൻകാല വേതനം അനുവദിക്കാതിരുന്നത് തെറ്റാണെന്ന് ജീവനക്കാരൻ വാദിച്ചു. ജീവനക്കാരൻ മേൽനോട്ട ചുമതലയാണ് വഹിച്ചിരുന്നതെന്ന മേനേജ്മെന്റിന്റെ വാദം ഹൈക്കോടതി അംഗീകരിച്ചില്ല. സെയിൽസ് പ്രൊമോഷൻ തൊഴിലാളിയുടെ ജോലിയാണ് ബിസിനസ് മേനേജർ ചെയ്തിരുന്നതെന്ന് ഹൈക്കോടതി വിലയിരുത്തി. എന്നാൽ സെയിൽസ് പ്രൊമോഷൻ തൊഴിലാളി വ്യവസായ തർക്ക നിയമമനുസരിച്ചുള്ള തൊഴിലാളിയല്ലെന്നും ഹൈക്കോടതി വ്യക്തമാക്കി. സെയിൽസ് പ്രൊമോഷൻ തൊഴിലാളികളുടെ സേവന-വേതന നിയമമാണ് അത്തരം തൊഴിലാളികൾക്ക് ബാധകമാകുക എന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. സ്ഥാപനത്തിലെ ബിസിനസ് മേനേജർ എന്ന തസ്തികയിൽ ജോലി ചെയ്ത സെയിൽസ് പ്രൊമോഷൻ തൊഴിലാളിയുടെ പരാതി പരിഗണിച്ച് തീർപ്പാക്കാൻ ലേബർ കോടതിക്ക് അധികാരമില്ലെന്ന് വിലയിരുത്തിയ ഹൈക്കോടതി ലേബർ കോടതിയുടെ ഉത്തരവ് റദ്ദാക്കുകയും മേനേജ്മെന്റിന്റെ റിട്ട് ഹർജി അനുവദിക്കുകയും ജീവനക്കാരന്റെ റിട്ട് ഹർജി തള്ളിക്കളയുകയും ചെയ്തു.